## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### അക്കാദമിക് എ1 വിഭാഗം

നം.4898/എ1/2017/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 10.08.2017

---

പരാമർശം : 1. കേന്ദ്രസർക്കാരിന്റെ സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയത്തിന്റെ 26.02.2013-ലെ F.No.16-110/2003-DDIII നമ്പരായുള്ള ഓഫീസ് മെമ്മോറാണ്ടം.

2. സർവ്വകലാശാലാ ഉത്തരവ് നം.5224/A1/2015/Acad തീയതി 10.09.2015.
3. ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഓഫീസിൽ നിന്നും 23.01.2017 തീയതിയിലെ കത്ത് നം.GS6-196/2017 മുഖാന്തിരം ലഭിച്ച ശ്രീ.ജെയിംസ് കെ.ജോർജ്ജിന്റെ 12.01.2017-ലെ പരാതി.
4. 17.07.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റിന്റെ ഇനം നം.66/17.08/171547 പ്രകാരമുള്ള തീരുമാനം.

### <u>ഉത്തരവ്</u>

കേന്ദ്ര സർക്കാറിന്റെ സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയം 2013-ൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകിക്കൊണ്ടുള്ള മാർഗ്ഗ രേഖകൾ പരാമർശം (1) പ്രകാരം, പുറപ്പെടുവിച്ചു. സർവ്വകലാശാലയിൽ ഇതു നടപ്പിലാക്കുന്ന വിഷയം സിൻഡിക്കേറ്റ് പരിഗണിക്കുകയും ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ പരാമർശം (2) പ്രകാരം, 5 അംഗങ്ങൾ അടങ്ങിയ സിൻഡിക്കേറ്റ് സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ സമിതി റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും ടി സമിതി അംഗങ്ങളുടെ കാലാവധി കഴിയുകയും ചെയ്ത സാഹചര്യത്തിൽ, പരാമർശം (3) പ്രകാരമുള്ള പരാതി, സർവ്വകലാശാല സിൻഡിക്കേറ്റ് പരിഗണിക്കുകയും, പരാമർശം (4) പ്രകാരം, ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ ഡോ.എ.ജോസ്, ഡോ.കെ.കൃഷ്ണദാസ് എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെ നിയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ഡോ.എ.ജോസ്, സിൻഡിക്കേറ്റ് അംഗം
2. ഡോ.കെ.കൃഷ്ണദാസ്, സിൻഡിക്കേറ്റ് അംഗം
3. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷ)
6. എസി.സി1/എസി.സി2
7. കൺടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

Sukmarlal

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ1/2/8428/2017